(ബി) മുകളിൽ സൂചിപ്പിച്ച പണിക്ക് 1985-ൽ 100 ലക്ഷം രൂപയാണ് മതിപ്പു ചെലവ് കണക്കാക്കിയിട്ടുള്ളത്.

(സി) പ്രാഥമിക നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാൽ ഈ പണി എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് ഇപ്പോൾ പറയുവാൻ ബുദ്ധിമുട്ടുണ്ട്.

മണ്ണംകുണ്ട് പാലം

120. [140] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽപ്പെട്ട ചെങ്ങേരി കൂടിയാൻമല റോഡിലെ മണ്ണംകുണ്ട് പാലത്തിന് 1986-87-ലെ ബഡ്ജറ്റിൽ എത്ര രൂപ വകയിരുത്തിയിട്ടുണ്ട് ;

(ബി) ഈ പാലം പണിയാനായി ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ടോ ;

(സി) ഈ പാലത്തിന്റെ പണി ടെണ്ടർ ചെയ്യുന്നതിന് കാലതാമസം ഉണ്ടാകാനുള്ള കാരണം എന്താണെന്നും എന്നത്തേക്ക് പാലം പണി ടെണ്ടർ ചെയ്യാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഏഴു ലക്ഷം രൂപ.

(ബി) ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

(സി) എം. എൽ. എ. റോഡ് പദ്ധതിയിൽപ്പെടാത്ത പണികൾ പ്രയോറിറ്റി നിശ്ചയിച്ച് ഏറ്റെടുത്തു നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. പ്രയോറിറ്റി ലിസ്റ്റ് തയ്യാറാക്കി വരുന്നതേയുള്ളൂ. അതിനാൽ ഈ പാലം പണി അടുത്തുതന്നെ ടെണ്ടർ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

മാമുക്കിലുള്ള പാലത്തിന്റെ ദുഃസ്ഥിതി

121. [141] ശ്രീമതി റെയ്ച്ചൽ സണ്ണി പനവേലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി നിയോജകമണ്ഡലത്തിൽ അങ്ങാടി-പഴവങ്ങാടി പഞ്ചായത്തുമായി യോജിപ്പിക്കുന്ന റാന്നി-തിരുവല്ല റോഡിൽ മാമുക്കിലുള്ള പാലം അപകടസ്ഥിതിയിലാണെന്നും വീതി കുറവാണെന്നുമുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പാലം പുതുക്കി പണിയാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മാമുക്കിലുള്ള പാലം അപകടസ്ഥിതിയിലല്ല. പാലത്തിനു വീതി കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ പാലത്തിന്റെ പണിക്കായി ഈ വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും കൊള്ളിച്ചിട്ടില്ലാത്തതിനാൽ, ഉടനെ പാലം പുതുക്കി പണിയുന്നതിന് നടപടി സ്വീകരിക്കാൻ പ്രയാസമാണ്.

LIBRARY ARCHIVES Kerala Legislative Assembly